**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5548** **24-03-2025-ൽ മറുപടിയ്ക്ക്**

**എൻ.എച്ച്.എം. പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എൻ.എച്ച്.എം. പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**മറുപടി:** ഈ സർക്കാർ അധികാരമേറ്റത് മുതൽ 2024-25 വരെ ഇൻഫ്രാസ്ട്രക്ചർ മെയിന്റെനൻസ് ഒഴിച്ച് എൻ.എച്ച്.എം. പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

2021-22 - 549.96 കോടി

2022-23 - 603.64 കോടി

2023-24 - 0

2024-25 - 467.48 കോടി

**(ബി)** പ്രസ്തുത കാലയളവിൽ കേന്ദ്രം നൽകാൻ കുടിശികയാക്കിയിട്ടുള്ള തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**മറുപടി:** പ്രസ്തുത കാലയളവിൽ 2023-24 സാമ്പത്തിക വർഷം മാത്രമാണ് കേന്ദ്രം നൽകുവാനുള്ള തുക എൻ.എച്ച്. എം ന് കുടിശ്ശികയായത്. 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ എൻ.എച്ച്.എം ന് 2023-24 ൽ കുടിശ്ശികയായ തുക (278.27 കോടി രൂപ ഇൻഫ്രസ്ട്രക്ചർ മെയിന്റെനൻസ് ഇനത്തിലും, 358.61 കോടി രൂപ ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിത (ക്യാഷ് ഗ്രാന്റ് ) ഇനത്തിലും).

**(സി)** കുടിശിക നൽകാത്തതിനുള്ള കാരണമായി കേന്ദ്രം അറിയിച്ചിട്ടുള്ളത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ ബ്രാൻഡിംഗ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരം നടത്താത്തതാണ് ഫണ്ട് നല്കാത്തതിന് കാരണമായി കേന്ദ്ര സർക്കാർ അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് കോ -ബ്രാൻഡിംഗ് പൂർത്തിയാക്കിയതായും ദേശീയ ആരോഗ്യ മിഷൻ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റു മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും സംസ്ഥാന മിഷൻ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിരുന്നു. എന്നാൽ ആയുഷ്മാൻ ഭാരത്

ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ പേര് "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് കോ-ബ്രാന്റിംഗ് ചെയ്യണമെന്നും പുതിയ ബ്രാൻഡിംഗ് ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോ - ബ്രാൻഡിംഗ് പൂർത്തിയാക്കി 13.12.2023 ൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനു റിപ്പോർട്ട് നൽകിയിരുന്നെങ്കിലും കേന്ദ്ര ആരോഗ്യ മന്ത്രാലയം കേന്ദ്ര പദ്ധതി വിഹിതം അനുവദിച്ചില്ല.

**(ഡി)** യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകാത്തത് കുടിശിക ലഭിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തത് കുടിശിക ലഭിക്കുന്നതിന് തടസ്സമായിട്ടില്ല.

**(ഇ)** 2021 മുതൽ ഓരോ വർഷവും സംസ്ഥാനം യൂട്ടിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകിയ തപാലിന്റെ നമ്പരും, തീയതിയും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2021 മുതൽ ഓരോ വർഷവും സംസ്ഥാനം ആഡിറ്റ് ചെയ്ത ധന വിനിയോഗ സാക്ഷ്യപത്രം യൂട്ടിലൈസേഷൻ സർട്ടി ഫിക്കറ്റുകൾ) നൽകിയ തപാലിന്റെ നമ്പരും, തീയതിയും

1**<u>) 2020-21</u>** - NHM/613/F1/2020/ SPMSU തീയതി 31.01.2022

**<u>2) 2021-22</u>** - NHM/613/F1/2020/ SPMSU തീയതി 29.12.2022

**<u>3)2022-23</u>** NHM/613/F1/2020/SPMSU തീയതി 29.12.2023

**<u>4)2023-24</u>** NHM/613/F1/2020/SPMSU തീയതി 16.11.2024

**<u>5) 2024-25</u>** - NHM/613/F1/2020/SPMSU തീയതി 24/11/2025.

**(എഫ്)** സംസ്ഥാനം സമർപ്പിച്ച സർട്ടിഫിക്കറ്റുകൾക്ക് അപാകതകൾ എന്തെങ്കിലും കേന്ദ്രം ചൂണ്ടിക്കാണിക്കുകയുണ്ടായോ; എങ്കിൽ അപാകതകൾ പരിഹരിച്ച് സർട്ടിഫിക്കറ്റ് സമർപ്പിച്ച തപാലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** അപാകതകൾ ഒന്നും കേന്ദ്രം ചൂണ്ടികാണിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**